ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ

29 (*179)ശ്രീ. ടി.എസ്. ജോൺ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ വകുപ്പുകളിലാണ് ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളത്;

(ബി) ഭരണഭാഷ മലയാളമാക്കുന്നതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; ഇവയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(സി) ഇതിനായി ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; വിശദാംശം വെളിപ്പടുത്തുമോ;

(ഡി) ഗവണ്മെന്റ് ഓഫീസുകളിൽ മലയാളം ടൈപ്പ്റൈറ്ററുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) താലൂക്കിലെ ഔദ്യോഗിക ഭാഷാസമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(എഫ്) ഔദ്യോഗിക ഭാഷാ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ജി) ഭരണഭാഷ മലയാളമാക്കുന്ന പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) സംസ്ഥാനത്തെ 67 വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ബന്ധപ്പെട്ട ഭരണവകുപ്പുകളിലും ഭരണഭാഷ മലയാളമാക്കി സർക്കാർ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.†

(ബി) നാളിതുവരെയായി സംസ്ഥാനത്തെ 67 വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ബന്ധപ്പെട്ട ഭരണവകുപ്പുകളിലും ഭരണഭാഷ മലയാളമാക്കി സർക്കാർ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിനോദസഞ്ചാരം എൻ.സി.സി. ഡ്രഗ്സ് കൺട്രോളർ, ചീഫ് കെമിക്കൽ എക്സാമിനർ എന്നീ വകുപ്പുകളിലും കോടതികളിലും ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ആഫീസുകളിൽ നിലവിലുള്ള ഇംഗ്ലീഷ് ചട്ടങ്ങളും ഫാറങ്ങളും മറ്റും മലയാളത്തിൽ പരിഭാഷപ്പെടുത്തി ഔദ്യോഗിക ഭാഷാ വിഭാഗത്തിലേക്ക് സൂക്ഷ്മ പരിശോധനയ്ക്കായി അയച്ചുതരുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഭാഷാമാറ്റ പുരോഗതി അവലോകനം ചെയ്യുന്നതിനായി താലൂക്ക്/ജില്ല/സംസ്ഥാന/ഉന്നതതല ഔദ്യോഗിക ഭാഷാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇംഗ്ലീഷ്/മലയാളം ടൈപ്പ്റൈറ്ററുകളുടെ അനുപാതം സെക്രട്ടേറിയറ്റിൽ 1:3 എന്നും സെക്രട്ടേറിയറ്റിതര വകുപ്പുകളിൽ 1:4എന്നും ക്രമീകരിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളും മറ്റും മലയാളത്തിലായിരിക്കണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള പബ്ളിക്

†അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസ് കമ്മീഷൻ നടത്തുന്ന എല്ലാ എഴുത്തു പരീക്ഷകൾക്കും ഭാഷാ ന്യൂനപക്ഷങ്ങൾക്ക് നിലവിലുള്ള അവകാശം നിലനിർത്തിക്കൊണ്ട് ഒരു പേപ്പർ മലയാളത്തിൽ തന്നെ നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. കളക്ടർമാരുടെ വാർഷിക യോഗത്തിൽ ചർച്ചയ്ക്കായി സമർപ്പിക്കുന്ന കുറിപ്പുകൾ മേലിൽ മലയാളത്തിലായിരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥന്മാർക്ക് ഔദ്യോഗിക ഭാഷയായി മലയാളം ഉപയോഗിക്കുന്നതിലുള്ള വൈമുഖ്യം മാറ്റിയെടുക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (ഔദ്യോഗിക ഭാഷാ) വകുപ്പിന്റെ നേതൃത്വത്തിൽ ഐ.എം.ജി.യിൽ വച്ച് ഔദ്യോഗിക ഭാഷാ പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പാക്കി.

(സി) ഉണ്ട്. 1999 ആഗസ്റ്റ് മാസം മൂന്നാം തീയതി മുതൽ ഐ.എം.ജി. യിൽ വച്ച് 30 പേർ ഉൾപ്പെട്ടതും 5 ദിവസം നീണ്ടു നിൽക്കുന്നതുമായ 26 ബാച്ചുകൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം പരിശീലനം നൽകുകയുണ്ടായി. ഈ സാമ്പത്തിക വർഷവും പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഔദ്യോഗിക ഭാഷ മലയാളം നിർബന്ധമായിട്ടുള്ള വകുപ്പുകളിൽ ഇംഗ്ലീഷ്/മലയാളം ടൈപ്പ്റൈറ്ററുകളുടെ എണ്ണം 1:4 എന്നും സെക്രട്ടേറിയറ്റിൽ 1:3 എന്നും ക്രമീകരിച്ചിട്ടുണ്ട്. പുതുതായി ആരംഭിക്കുന്ന എല്ലാ ആഫീസുകൾക്കും സാധാരണഗതിയിൽ ഒരു ഇംഗ്ലീഷ് ടൈപ്പ്റൈറ്റർ മാത്രമേ അനുവദിക്കുകയുള്ളൂവെന്നും ബാക്കിയുള്ളവ മലയാളം ടൈപ്പ്റൈറ്ററുകൾ ആയിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇംഗ്ലീഷ് ടൈപ്പ്റൈറ്ററുകൾ നിലനിർത്തുന്നതിനും പുതിയത് ലഭിക്കുന്നതിനും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമാണ്. എന്നാൽ മലയാളം ടൈപ്പ്റൈറ്ററുകൾ ലഭിക്കുന്നതിന് ഈ നിബന്ധന ബാധകമല്ല.

(ഇ) ഉണ്ട്. തഹസീൽദാർമാർ അദ്ധ്യക്ഷന്മാരായുള്ള താലൂക്ക്തല ഔദ്യോഗികഭാഷ സമിതികൾ നാലു മാസത്തിൽ ഒരിക്കൽ യോഗം കൂടി താലൂക്കുതല ഭാഷമാറ്റ പുരോഗതി അവലോകനം ചെയ്യുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൃത്യമായി യോഗം ചേർന്ന് അവലോകന റിപ്പോർട്ട് നേരിട്ട് സർക്കാരിന് സമർപ്പിക്കുവാൻ കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാതല ഔദ്യോഗിക ഭാഷ സമിതിയോഗങ്ങളിൽ താലൂക്കുതലങ്ങളിലുള്ള ഭാഷമാറ്റ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് വിശദമായി അവലോകനം ചെയ്യുന്നുണ്ട്.

(എഫ്) താലൂക്ക്/ജില്ലാ/സംസ്ഥാന/ഉന്നതതല ഔദ്യോഗിക ഭാഷ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. താലൂക്ക്/ജില്ലാതല ഔദ്യോഗിക ഭാഷാ സമിതികൾ കൃത്യമായും യോഗം ചേർന്ന് ഭാഷമാറ്റ പുരോഗതി അവലോകനം ചെയ്യുന്നതിനുള്ള കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാതല യോഗങ്ങളിൽ ഔദ്യോഗിക ഭാഷ വിഭാഗത്തിൽനിന്നും ഒരു ഉദ്യോഗസ്ഥൻ നിരീക്ഷകനായി പങ്കെടുത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇത്തരം യോഗങ്ങളിൽ പങ്കെടുക്കാത്ത ഉദ്യോഗസ്ഥൻമാരിൽനിന്നും വിശദീകരണം ആരാഞ്ഞ് സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) വിനോദസഞ്ചാരം, എൻ.സി.സി. ഡ്രഗ്സ് കൺട്രോളർ, ചീഫ് കെമിക്കൽ എക്സാമിനർ എന്നീ വകുപ്പുകളിലും കോടതികളിലും ഭരണഭാഷ

LIBRARY ARCHIVES Kerala Legislative Assembly

മലയാളമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉദ്യോഗസ്ഥൻമാർക്ക് ഐ.എം.ജി.യിൽ വച്ച് ഈ സാമ്പത്തികവർഷവും ഔദ്യോഗിക ഭാഷ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. താലൂക്ക് തലം വരെയുള്ള ആഫീസുകളിൽ മലയാളം കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച നിർദ്ദേശം പരിഗണനയിലാണ്. ഇതിന്റെ ഭാഗമായി മലയാളം ടൈപ്പ്റൈറ്ററുകളുടെയും കമ്പ്യൂട്ടറുകളുടെയും ലിപി ഏകീകരണം സംബന്ധിച്ച നിർദ്ദേശവും പരിഗണനയിലുണ്ട്.

തമിഴ്നാട് ഉപയോഗിക്കുന്ന മുല്ലപ്പെരിയാർ ജലം

30 (*180)ശ്രീ. കെ.എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ജലം ഗാർഹികവാണിജ്യ-വ്യാവസായികാവശ്യങ്ങൾക്കായി തമിഴ്നാട് ഉപയോഗിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിലേയ്ക്കായി കേരള സർക്കാർ തമിഴ്നാടിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ 1886-ലെ കരാർ പ്രകാരവും 12.5.1941-ലെ അമ്പയർ വിധി പ്രകാരവും മുല്ലപ്പെരിയാർ ജലം ഗാർഹിക-വ്യാവസായിക-വാണിജ്യാവശ്യങ്ങൾക്ക് തമിഴ്നാട് ഉപയോഗിക്കുന്നത് കരാർ ലംഘനമാകയാൽ കരാർ റദ്ദാക്കാൻ നടപടികൾ കൈക്കൊള്ളുമോ;

(ഡി) കാരാർ ലംഘനത്തിനെതിരെ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) 1886-ലെ പെരിയാർ പാട്ടക്കരാർ പ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലം തമിഴ്നാട്ടിലെ കൃഷിക്കുവേണ്ടിയാണ് ഉദ്ദേശിച്ചിരുന്നത്. 1970-ലെ അനുബന്ധക്കരാർ പ്രകാരം ഈ ജലമുപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ തമിഴ്നാട്ടിന് അവകാശം നൽകി. ഇതല്ലാതെ ഈ ജലം ഗാർഹിക-വാണിജ്യ-വ്യാവസായികാവശ്യങ്ങൾക്കുകൂടി ഉപയോഗിക്കുന്നതായി അറിവില്ല.

(ബി) ഇല്ല.

(സി)-(ഇ) കരാർ ലംഘനങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മന്ത്രിമാർ ടെലഫോൺ ഉപയോഗിച്ച വകയിൽ ചെലവായ തുക

1 (653)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ മന്ത്രിമാരും ടെലഫോൺ ഉപയോഗിച്ച വകയിൽ എന്തുതുക വീതം ചെലവ് വരുത്തിയിട്ടുണ്ടെന്ന വിവരം മന്ത്രിമാരുടെ പേരിനോടൊപ്പം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

25. Transport and communication facilities should be well provided in due consideration of their location in far off and out of the way places (R-194).

അനുബന്ധം IV

(26.6.2000- ചോദ്യം 29 (*179) കാണുക.)

മലയാളം ഭരണഭാഷയാക്കിയിട്ടുള്ള സംസ്ഥാനത്തെ വകുപ്പുകൾ

1.9.1985 മുതൽ (1.8.1985-ലെ 7223/ഔഭാ3/85/ഉഭപവ. നമ്പർ വിജ്ഞാപനം)

1. പഞ്ചായത്ത്
2. മുനിസിപ്പൽ ഭരണം
3. വനം
4. സഹകരണം
5. ഹരിജനക്ഷേമം
6. ഗിരിജനക്ഷേമം
7. മത്സ്യബന്ധനം
8. ആർക്കിയോളജി

1.11.1987 മുതൽ (12.10.1987-ലെ 7256/ഔഭാ3/85/ഉഭപവ. നമ്പർ വിജ്ഞാപനം)

9. ജയിൽ
10. ഹിന്ദുമത ധർമ്മ സ്ഥാപനം
11. പബ്ലിക് റിലേഷൻസ്
12. അളവുകളും തൂക്കങ്ങളും
13. പുരാരേഖ
14. ക്ഷീരവികസനം
15. മൃഗസംരക്ഷണം
16. ഭവന നിർമ്മാണം
17. സാമൂഹ്യക്ഷേമം
18. രജിസ്ട്രേഷൻ

1.11.1989 മുതൽ (06.10.1989-ലെ 5905/ഔഭാ3/88/ഉഭപവ.)

19. റവന്യൂ
20. കൃഷി
21. ഗ്രാമവികസനം
22. ഭക്ഷ്യവും സിവിൽസപ്ലൈസും
23. തൊഴിൽ
24. പൊതുവിദ്യാഭ്യാസം

LIBRARY ARCHIVES Kerala Legislative Assembly

25. നാട്ടു ചികിത്സ
26. ജലഗതാഗതം
27. സർവേ ആന്റ് ലാന്റ് റിക്കാർഡ്സ്
28. നികുതി
29. എംപ്ലോയ്മെന്റ് ആന്റ് ട്രെയ്നിംഗ്
30. സാംസ്കാരിക പ്രസിദ്ധീകരണം
31. കാഴ്ചബംഗ്ലാവും മൃഗശാലയും

1.19.1992 മുതൽ (20.12.1991-ലെ 7972/ഔഭാ3/91/ഉഭപവ. നമ്പർ വിജ്ഞാപനം)

32. പ്രിന്റിംഗ്
33. സ്റ്റേഷനറി
34. ടൗൺപ്ലാനിംഗ്
35. ഹോമിയോപ്പതി
36. ഭൂഗർഭജലം
37. ഭാഗ്യക്കുറി
38. ലോക്കൽഫണ്ട്
39. ഹയർ സർവ്വീസ്
40. പബ്ലിക് ലൈബ്രറി
41. എക്സൈസ്
42. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്
43. ദേശീയ സമ്പാദ്യം

1.12.1993 മുതൽ (1.12.1993-ലെ 3721/ഔഭാ3/93/ഉഭപവ. നമ്പർ വിജ്ഞാപനം)

44. എക്കണോമിക്സും സ്റ്റാറ്റിസ്റ്റിക്സും
45. സ്പോർട്ട്സും യുവജന കാര്യവും
46. കോളേജ് വിദ്യാഭ്യാസം
47. സാങ്കേതിക വിദ്യാഭ്യാസം
48. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം
49. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്
50. ഫാക്ടറികളും ബോയിലറികളും
51. ഗവ. അനലിറ്റിക്കൽ ലബോറട്ടറി
52. തുറമുഖ എഞ്ചിനീയറിംഗ്
53. ആരോഗ്യം
54. വ്യവസായവും വാണിജ്യവും
55. ഇൻഷ്വറൻസ്

LIBRARY ARCHIVES Kerala Legislative Assembly

56. കേരള ഗസറ്റിയേഴ്സ്
57. മെഡിക്കൽ വിദ്യാഭ്യാസം
58. മൈനിംഗും ജിയോളജിയും
59. മോട്ടോർ വാഹനം
60. പോലീസ്
61. തുറമുഖം
62. പബ്ലിക് ഹെൽത്ത് ലബോറട്ടറി
63. പൊതുമരാമത്ത്
64. ഇറിഗേഷനും പ്രോജക്ടുകളും
65. സൈനികക്ഷേമം
66. ട്രഷറി
67. വിജിലൻസ്

അനുബന്ധം V (1)

(26.6.2000-ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 2 (654) കാണുക.)

കേരള സംസ്ഥാനത്തിന്റെ വകയായി അന്യസംസ്ഥാനങ്ങളിലുള്ള സ്ഥലങ്ങൾ സംബന്ധിച്ച വിവരങ്ങൾ

എ) തമിഴ്നാട്

1. കേരള ഹൗസ്, കന്യാകുമാരി - വിസ്തീർണ്ണം 4 ഏക്കർ 68 സെന്റ് - കെട്ടിടം സർക്കാർ ഗസ്റ്റ് ഹൗസായി ഉപയോഗിക്കുന്നു - ടൂറിസം വകുപ്പിന്റെ അധീനതയിലാണ്.

2. പദ്മനാഭപുരം കൊട്ടാരം, തക്കല - വിസ്തീർണ്ണം 6.50 ഏക്കർ - പുരാവസ്തു പ്രദർശനശാലയായി ഉപയോഗിക്കുന്നു - പുരാവസ്തു വകുപ്പിന്റെ അധീനതയിലാണ്.

3. ചെന്നൈയിൽ നുങ്കംപാക്കം വില്ലേജിൽ 3 ഏക്കർ 23 സെന്റ് സ്ഥലം ആശാൻ മെമ്മോറിയൽ അസോസിയേഷന് പാട്ടത്തിന് നൽകിയിട്ടുണ്ട് - ഇവിടെ ആശാൻ മെമ്മോറിയൽ മെട്രിക്കുലേഷൻ സ്കൂൾ പ്രവർത്തിച്ചുവരുന്നു.

4. ചെന്നൈയിൽ നുങ്കംപാക്കം വില്ലേജിൽ 55 സെന്റ് സ്ഥലം കെ. ടി.ഡി.സി.യ്ക്കു അതിഥി മന്ദിരവും ഹോട്ടലുംകൂടി നിർമ്മിക്കുന്നതിനായി പാട്ടത്തിന് നൽകിയിട്ടുണ്ട്.

5. കുറ്റാലം പാലസ്, തിരുനെൽവേലി ജില്ല വിസ്തീർണ്ണം 53 ഏക്കർ 11 സെന്റ് - കെട്ടിടം പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസായി ഉപയോഗിക്കുന്നു.

6. ചെങ്കോട്ട - 5.83 ഹെക്ടർ വിസ്തീർണ്ണം - തടി ഡിപ്പോ ആയിരുന്നു - ഇപ്പോൾ ഡിപ്പോ പ്രവർത്തിക്കുന്നില്ല - വനം വകുപ്പിന്റെ അധീനതയിലാണ്.

7. പൊള്ളാച്ചി - വിസ്തീർണ്ണം 3.20 ഹെക്ടർ. തടി ഡിപ്പോ ആയിരുന്നു - ഇപ്പോൾ ഡിപ്പോ പ്രവർത്തിക്കുന്നില്ല - വനം വകുപ്പിന്റെ അധീനതയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly